# സി. എസ്. സുബ്രഹ്മണ്യൻ പോറ്റി

സി.എസ്. സുബ്രഹ്മണ്യൻ പോറ്റി (ചെമ്പകപ്പള്ളി ശങ്കരൻ സുബ്രഹ്മണ്യൻ) 1875 നവംബർ 30 (കൊ.വ. 1051 വൃശ്ചികം 15) ന് പെരിങ്ങനാട് കരിപ്പമൺ ഇല്ലത്ത് ജനിച്ചു. അച്ഛൻ ശങ്കരൻ പോറ്റി, അമ്മ തിരുവല്ല കണ്ണാടി ഇല്ലത്ത് ദേവകി അന്തർജ്ജനം. പണ്ഡിതനായ ജ്യേഷ്ഠൻ ഈശ്വരൻപോറ്റിയാണ് ആദ്യകാലഗുരു. 16-ാം വയസ്സിൽ പ്രൈമറി സ്‌ക്കൂൾ അദ്ധ്യാപകൻ ആയി. സ്ക്കൂൾ ഇൻസ്പെക്ഷന്റെ ദിവസം, ക്ഷേത്രവൃത്തികൾ കഴിഞ്ഞ് സ്‌ക്കുളി ലെത്താൻ വൈകിയ ഈ അദ്ധ്യാപകനെ സ്‌ക്കൂൾ ഇൻസ്പെക്ടർ അപമാനിച്ചു. പോറ്റി മറ്റൊന്നും ചിന്തിക്കാതെ ജോലി രാജി വച്ചു. കായംകുളം ഇംഗ്ലീഷ് സ്‌ക്കുളിൽ പഠനം പുനരാരംഭിച്ച പോറ്റി ഡബിൾ പ്രൊമോഷൻ നേടി. മൂന്നുകൊല്ലം കൊണ്ടു മെട്രിക്കുലേഷൻ ജയിച്ചു. തുടർന്ന് സി.എം.എസ്. കോളേജ് യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് 1903ൽ ബിരുദം നേടി. തിരുവനന്തപുരത്ത് സ്ക്കൂൾ അദ്ധ്യാപകൻ ആയിരിക്കവെ, മഹാരാജാസ് കോളേജിൽ ഏ.ആർ. തമ്പുരാന്റെ സഹായിയായി മലയാളം പണ്ഡിറ്റ് എന്ന ഉദ്യോഗം സ്വീകരിച്ചു. കൊട്ടാരത്തിൽ ബാലരാമവർമ്മ മഹാരാജാവിന്റെ അദ്ധ്യാപകനായും പ്രവർത്തിച്ചു. 1913ൽ എം.എ. ജയിച്ചു. അന്നത്തെ ദിവാൻ രാജഗോപാലാചാരിയുടെ പ്രൈവറ്റ് സെക്രട്ടറി, ഹജ്ജൂരാപ്പീസിൽ ഹെഡ്ട്രാൻസ്ലേറ്റർ, ചവറ സബ്രജിസ്ട്രാർ, കരുനാഗപ്പള്ളി – മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലെ ഡിവിഷൻ ഇൻസ്പെക്ടർ, ബ്രാഹ്മണ വിദ്യാർത്ഥികൾക്കായി കുളക്കട സ്ഥാപിച്ച സ്പെഷ്യൽ സ്‌ക്കൂൾ ഭരണാധികാരി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. 1935ൽ വിരമിച്ച ശേഷം അല്പകാലം മലയാളരാജ്യം ചീഫ് എഡിറ്റർ ആയി എങ്കിലും പത്ര മുതലാളിമാരുമായുള്ള അഭിപ്രായവ്യത്യാസത്തെത്തുടർന്ന് ആ ജോലി ഉപേക്ഷിച്ചു. പിന്നീട് ഒരു വർഷം സ്വന്തം നാട്ടിലെ സ്ക്കൂൾ ഹെഡ്മാസ്റ്ററായി. പതിനാറു വയസ്സിനു മുൻപ് പോറ്റി, വൈക്കം പ്ലാത്താനത്തുകോവിലകത്തെ അംബികക്കുട്ടിത്തമ്പാട്ടിയെ വിവാഹം ചെയ്തിരുന്നു. പിന്നീട് ചെന്നിത്തല കുറിയിടത്തു മഠത്തിലെ ഗൗരി അന്തർജ്ജനത്തെ വേളി കഴിച്ചു. 1954 നവംബർ 24 ന് അദ്ദേഹം അന്തരിച്ചു.

സമസ്തകേരള സാഹിത്യ പരിഷത്ത്, നമ്പൂതിരിയോഗക്ഷേമസഭ എന്നിവയുടെ പ്രവർത്തനങ്ങളിൽ അദ്ദേഹം പങ്കാളിയായിട്ടുണ്ട്. ജാതിനവീകരണശ്രമങ്ങളിൽ അദ്ദേഹത്തിന്റെ പങ്ക് നിസ്തുലമാണ്. 1921ൽ അരയരുടെ മഹായോഗത്തിൽ അധ്യക്ഷത വഹിച്ച അദ്ദേഹം, ആ സമുദായത്തിൽപെട്ട ഒരു പെൺകുട്ടിയെ സ്ക്കൂളിൽ അധ്യാപികയാക്കി നിയമിക്കുകകൂടി ചെയ്തു. വൈക്കം സത്യഗ്രഹത്തോടനുബന്ധിച്ച് റാണിയെകണ്ട് നിവേദനം സമർപ്പിക്കാൻ പുറപ്പെട്ട സന്നദ്ധഭടന്മാരെ അദ്ദേഹം സ്വന്തം വീട്ടിലേയ്ക്ക് ക്ഷണിച്ച് ആദരിച്ചു. സ്വന്തം ഇല്ലത്തുവച്ച് മിശ്രഭോജനം നടത്തി. കടുത്ത വിപ്രതിപത്തി ഇമ്മാതിരി കാര്യങ്ങൾ ക്ഷണിച്ചുവരുത്തി എങ്കിലും ഉല്പതിഷ്ണുവായ പോറ്റി പതറിയില്ല. സ്വജനങ്ങൾ പോറ്റിയുടെ അമ്മയുടെ ഉദകക്രിയയ്ക്കു കൂടാതിരുന്നപ്പോൾ അദ്ദേഹം സ്ക്കൂളിലെ സഹപ്രവർത്തകരുടെ സഹായത്തോടെ ആണ് ക്രിയകൾ നടത്തിയത്. വിദ്യാഭ്യാസത്തിൽ തൊഴിൽ പരിശീലനം വിജയകരമായി ഉൾപ്പെടുത്തിയ വ്യക്തിയാണദ്ദേഹം. സഹകരണമേഖല, ബാങ്കിംഗ് മേഖല, കേരകർഷകസംഘം ഇവയിലൊക്കെ അദ്ദേഹം പ്രവർത്തിച്ചു. കരുനാഗപ്പള്ളിയിലെ പഴയ വായനശാല – ലാലാജി സ്മാരക ഗ്രന്ഥശാല – യുടെ സ്ഥാപകനും അദ്ദേഹമാണ്.

കുമാരനാശാൻ, ഉള്ളൂർ, കണ്ടത്തിൽ വറുഗീസ് മാപ്പിള, ഏ.ആർ, സി.വി. രാമൻപിള്ള തുടങ്ങി ഒട്ടേറെപ്പേർ സി.എസ്സി.ന്റെ സുഹൃത്തുക്കൾ ആയിരുന്നു. മലബാറിലെ ഒരപ്രശസ്തമാസികയിൽ വന്ന വീണപൂവ് എന്ന കൃതിയെപ്പറ്റി മനസ്സിലാക്കി അത് ഭാഷാപോഷിണിയിലൂടെ കേരളീയരുടെ മനസ്സിൽ എത്തിച്ചത് പോറ്റിയാണ്. സി.എസ്സി.ന്റെ ഒരു വിലാപം (1902) ആണ് മലയാളത്തിലെ വിലാപകാവ്യപ്രസ്ഥാനത്തിലെ ആദ്യകൃതി. ആൽഫ്രഡ് ടെനിസന്റെ മോർട് ഡി ആർതർ എന്ന കവിത ആർദ്രാവതാരം എന്ന പേരിലും, ആർനോൾഡിന്റെ സൊറാബ് ആന്റ് റസ്റ്റം എന്ന കവിത സൗരഭനും രാഷ്ട്രകൂടനും എന്ന പേരിലും ഈ നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ അദ്ദേഹം പരിഭാഷപ്പെടുത്തി. ഒരു വിഹാരം, കവനമാലിക, കാവ്യോപഹാരം, കീചകവധം തിരുവാതിരപ്പാട്ട് എന്നീ കവിതകളും മാല, ദുർഗ്ഗേശനന്ദിനി, താലപുഷ്കരണി എന്നീ നോവലുകളും അദ്ദേഹം രചിച്ചു. ഭൂപ്രദക്ഷിണം എന്നൊരു കൃതിയും വിവർത്തനം ചെയ്തു. നീലോല്പലം, കണ്ണകിയും കോവലനും, തെന്നാലിരാമൻ, ഭാസൻ, മണിമേഖല എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റു രചനകൾ. മരണാനന്തരമാണ് ശ്രീകൃഷ്ണചരിതം പ്രസിദ്ധപ്പെടുത്തിയത്. കവി എന്നതിലധികം കവിഹൃദയമുള്ള ഗദ്യകാരൻ എന്ന നിലയിലാവും സി.എസ്. ആദരിക്കപ്പെടുക.